# ഹിപ്നോസിസ്സിലൂടെ പുകവലിക്ക് വിട

**സ്വന്തം ലേഖകൻ**

മലപ്പുറം: സമയം ഉച്ചക്ക് 1 1/2 മണി. നിലമ്പൂർ ഗവ: യു. പി. സ്കൂൾ ഹാൾ. നിരത്തിയിട്ടിരിക്കുന്ന ബഞ്ചുകളിൽ ഒരു ബഞ്ചിൽ ഒരാൾ വീതം ഒൻപത് പേർ ബഞ്ചിലിരിക്കുന്നു. അവർ ഒരേ സമയം ഉറങ്ങുന്നു. ചിലർ ഗാഢ നിദ്ര-ചിലർ കൂർക്കം വലിച്ചുറങ്ങുന്നു. 20 മിനിട്ട് കഴിഞ്ഞപ്പോൾ ഇതാ അവരുണരുന്നു. എന്ത് സംഭവിച്ചു എന്നറിയാതെ അവർ പകച്ചിരിക്കുന്നു. മരവിച്ചിരിക്കുന്നു.

മലയത്ത് ഹെൽത്ത് ക്ലബ് നടത്തിയ പുകവലി വിരുദ്ധ ഹിപ്നോട്ടിക് ക്യാമ്പിലാണ് നിമിഷനേരം കൊണ്ടുള്ള നിദ്രയും ഉണർച്ചയും ഉണ്ടായത്.

ബീഡി, സിഗരറ്റ്, ചുരുട്ട്, പൊടി എന്നിവയിൽ നിന്നും മോചനം നേടാൻ സ്വയം ശ്രമിച്ചിട്ടും കഴിയാത്തവരായിരുന്നു എല്ലാവരും. ഒരു അലോപ്പതി ഡോക്ടറുൾപ്പെടെ, അധ്യാപകർ, കച്ചവടക്കാർ, കൃഷിക്കാർ തുടങ്ങി ജീവിതത്തിന്റെ വിവിധ മേഖലകളിൽപ്പെട്ടവരായിരുന്നു ചികിത്സക്കെത്തിയവർ. യുവാക്കളും മധ്യവയസരുമടക്കം വിവിധ പ്രായക്കാർ.

രാവിലെ നടന്ന ക്ലാസ്സിൽ 50ൽ പരം പേർ പങ്കെടുത്തു. ഉച്ചക്ക് നടന്ന മാസ്സ് ഹിപ്നോട്ടിക് ചികിത്സക്ക് ഹിപ്നോളജിസ്റ്റായ ജോൺസൺ ഐരൂരും മജീഷ്യനും സ്റ്റേജ് ഹിപ്നോട്ടിസ്റ്റുമായ ആർ. കെ. മലയത്തും നേതൃത്വം നൽകി.

ഹിപ്നോട്ടിക് നിദ്രയിൽ പുകവലിയോട് വെറുപ്പുണ്ടാകാനും മനോനിയന്ത്രണശേഷി വർദ്ധിപ്പിക്കാനുമുള്ള സജഷനുകളാണ് നൽകിയത്. ഉണർന്നു കഴിഞ്ഞപ്പോൾ ഓരോരുത്തർക്കും പുതിയ ഉണർവും ഉന്മേഷവും അനുഭവപ്പെടുന്നതായി പറഞ്ഞു. എല്ലാ ക്യാമ്പംഗങ്ങൾക്കും അടുത്ത മൂന്നു മാസം സെൽഫ് ഹിപ്നോസിസ് പരിശീലിക്കാൻ പഠിപ്പിച്ചുകൊടുക്കുകയും ആട്ടോ സജഷൻ എഴുതി കൊടുക്കുകയും ചെയ്തു.

